**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2913** **22-01-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽനിന്നുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരള സർക്കാർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സർക്കാർ നൽകിയിരുന്ന റിട്ടയർമെന്റ് ആനുകൂല്യമായ പതിനായിരം രൂപ അംഗങ്ങൾക്ക് ഇപ്പോഴും നൽകുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും റിട്ടയർമെന്റ് ആനുകൂല്യം നൽകിയിട്ടില്ല. |
| (ബി) | 2016-ൽ നിലവിൽ വന്ന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംശാദായമായി അടയ്ക്കുന്ന തുകയുടെ എത്ര ശതമാനമാണ് റിട്ടയർമെന്റ് ആനുകൂല്യമായി ബോർഡ് നൽകുന്നത്; ബാക്കി വരുന്ന തുകയും 2016-ന് മുമ്പ് അടച്ച തുകയും അംഗങ്ങൾക്ക് തിരികെ നൽകുമോ; | (ബി) | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംശദായമായി ഒടുക്കിയ തുകയുടെ 50% വും അതിന്റെ 5% സാധാരണ പലിശയും ചേർത്താണ് റിട്ടയർമെന്റ് ആനുകൂല്യമായി നൽകി വരുന്നത്. ബാക്കി വരുന്ന തുക തിരികെ നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. 2016-ന് മുമ്പ് നിലവിലുണ്ടായിരുന്നതും, അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിലേക്ക് കൂട്ടിച്ചേർക്കപ്പെട്ടതുമായ കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബാർബർ-ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമ പദ്ധതി എന്നീ പദ്ധതികളിൽ, ഏത് പദ്ധതിയിലാണോ അസംഘടിത മേഖലയിലെ തൊഴിലാളികൾ അംഗമായിരുന്നത് ആ പദ്ധതി പ്രകാരം റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതാണ്. |
| (സി) | മറ്റു ക്ഷേമനിധി ബോർഡുകൾ നൽകുന്ന പോലെ വാർദ്ധക്യ പെൻഷൻ വാങ്ങുന്നവർക്ക് ക്ഷേമപെൻഷൻ നൽകുമോ? | (സി) | 06.02.2017-ന് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങി വരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ അതത് സമയത്തെ നിരക്കിലും, ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. 06.02.2017 മുതൽ ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ |

| | | | |
|---|---|---|---|
| | | | സുരക്ഷാ പെൻഷനോ) മാത്രമേ അർഹത-യുണ്ടായിരിക്കുകയുള്ളൂ. തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് അതോടൊപ്പം മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ കൂടി 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ